കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

157 [614] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. മിനി ബസ്സ് ഉൾപ്പെടെ എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) ഇവയിൽ എത്രയെണ്ണം മലബാർ പ്രദേശത്ത് സർവ്വീസ് നടത്തുന്നുണ്ട് ;

(സി) ഇവയിൽ എത്ര എണ്ണം കണ്ണൂർ ജില്ലയിൽ സർവ്വീസ് നടത്തുന്നു എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 150 മിനി ബസ്സുകൾ ഉൾപ്പെടെ 563 പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ട്.

(ബി) 82 ബസ്സുകൾ മലബാർ പ്രദേശത്ത് സർവ്വീസ് നടത്തുന്നു.

(സി) ഇതിൽ കണ്ണൂർ ജില്ലയിൽ 22 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

158 [615] ശ്രീ. തോമസ് ഉണ്ണിയാടൻ :

,, സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങി എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര പുതിയ ഷെഡ്യൂളുകൾ തുടങ്ങി എന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി ആരംഭിച്ച ഷെഡ്യൂളുകളുടെ ഡിപ്പോ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(ഡി) നിർത്തലാക്കിയ ഷെഡ്യൂളുകളുടെ ഡിപ്പോ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) നിർത്തലാക്കിയതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 563 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) 491 പുതിയ ഷെഡ്യൂളുകൾ തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡിപ്പോ തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. †

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഷെഡ്യൂളും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

"ഫാൻസി നമ്പർ" നൽകിയ വകയിൽ ലഭിച്ച തുക

159 [616] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന രജിസ്ട്രേഷന് ഫാൻസി നമ്പർ നൽകിയ വകയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന് മൊത്തം ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊണ്ട രജിസ്ട്രേഷൻ നമ്പർ ഏതാണെന്നും അത് ലഭിച്ചതാർക്കാണെന്നും എത്ര തുകയാണ് ഈ ഇനത്തിൽ വരവ് വന്നതെന്നും അറിയിക്കാമോ ;

(സി) അമ്പതിനായിരത്തിന് മുകളിൽ ലേലം കൊള്ളുന്ന വാഹന ഉടമയ്ക്ക് ഇൻകം ടാക്സ് വകുപ്പിന്റെ 'പാൻ നമ്പർ' ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്യാമോ ?

ഉത്തരം

(എ) 3,28,22,355 രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) കെ.എൽ.07/എ.ഡബ്ലിയു-1 മാനേജിംഗ് പാർട്ട്നർ, ഗൾഫ് ഗേറ്റ് ഷയർ ഫിക്സിംഗ്, കലൂർ ബസ് സ്റ്റാന്റിന് എതിർവശം, എറണാകുളം. തുക 4,08,000 രൂപ.

(സി) ആലോചിക്കാവുന്നതാണ്.

ഒറ്റത്തവണ വാഹന നികുതി

160 [617] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി ആയി രജിസ്റ്റർ ചെയ്യുന്ന കാർ പോലുള്ള വാഹനങ്ങൾക്ക് ഒറ്റത്തവണ വാഹന നികുതി (one time tax) ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഒറ്റത്തവണ വാഹന നികുതി (one time tax) യിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി വാഹനങ്ങൾ ടാക്സി ആയി രജിസ്റ്റർ ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ടാക്സി കാറുകൾക്കും ഒറ്റത്തവണ വാഹന നികുതി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly